"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-പുളിമാത്ത് ഗ്രാമപഞ്ചായത്ത് - ശ്രീമതി. ബിന്ദു, തിരുവാതിര, പുല്ലയിൽ പി.ഒ, എന്നയാളുടെ ഇഎംഎസ് ഭവന നിർമാണ പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ട 15 സെന്റ് സ്ഥലത്തിൽ 5 സെന്റ് സ്ഥലം കരാറിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി)വകുപ്പ്**

**സ.ഉ.(സാധാ) നം.1697/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/08/2019**

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 26/06/2019ലെ ജെ2-6997/2019 നമ്പർ കത്ത്.

**ഉത്തരവ്**

പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ 2009-10 സാമ്പത്തിക വർഷത്തിൽ ഇഎംഎസ് ഭവന പദ്ധതി പ്രകാരം 75000/- രൂപ ഭവനാനുകൂല്യം ലഭിച്ച ശ്രീമതി. ബിന്ദു, തിരുവാതിര, പുല്ലയിൽ പി.ഒ എന്നയാൾക്ക് മകളുടെ വിവാഹാവശ്യത്തിലേക്കായി എടുത്ത വായ്പ തുക തിരിച്ചടക്കാൻ സാമ്പത്തിക പരാധീനത കാരണം സാധിച്ചിട്ടില്ലെന്നും ടി വായ്പ തിരിച്ചടയ്ക്കുന്നതിലേക്കായി ഇഎംഎസ് ഭവന പദ്ധതിക്കായി കരാറിൽ ഏർപ്പെട്ട 15 സെന്റ് സ്ഥലത്തിൽ വീടും സ്ഥലവും ഒഴിവാക്കി 5 സെന്റ് സ്ഥലം വിൽപന നടത്തുന്നതിലേക്കായി ടി 5 സെന്റ് സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നൽകുന്നതിന് ടിയാൾ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ പഞ്ചായത്ത് കമ്മിറ്റി അനുകൂല തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുള്ളതിനാലും ടി 5 സെന്റ് സ്ഥലം വിൽപന നടത്തുന്നതിലൂടെ ഗുണഭോക്താവ് ഭവന രഹിതനാകുന്നില്ല എന്നതിനാലും വീടും 10 സെന്റ് സ്ഥലവും ഒഴികെയുള്ള 5 സെന്റ് സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നല്കുന്നതിനായി ഇതു സംബന്ധിച്ച പഞ്ചായത്തിന്റെ അപേക്ഷ ശിപാർശയോടെ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുളിമാത്ത് ഗ്രാമ പഞ്ചായത്തിൽ നിന്നും 2009-10 സാമ്പത്തിക വർഷത്തിൽ ഇഎംഎസ് ഭവന പദ്ധതി പ്രകാരം 75000/- രൂപ ഭവനാനുകൂല്യം ലഭിച്ച ശ്രീമതി. ബിന്ദു, തിരുവാതിര, പുല്ലയിൽ പി.ഒ എന്നയാൾക്ക് ഇഎംഎസ് ഭവന പദ്ധതിക്കായി കരാറിൽ ഏർപ്പെട്ട 15 സെന്റ് സ്ഥലത്തിൽ വീടും സ്ഥലവും ഒഴിവാക്കി 5 സെന്റ് സ്ഥലം വിൽപന

നടത്തുന്നതിലേക്കായി ടി 5 സെന്റ് സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ജില്ലാകളക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, പുളിമാത്ത് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്